<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5314</u> <u>21-07-2022 - ൽ മറുപടിയ്ക്ക്</u>

<u>വയോമൃതം, സ്നേഹയാനം, പരിരക്ഷ പദ്ധതികൾ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. മമ്മിക്കുട്ടി</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പാലക്കാട് ജില്ലയിൽ വയോമൃതം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>മക്കളിൽ നിന്നും ഒറ്റപ്പെട്ട് ആരാലും സംരക്ഷിക്കപ്പെടാതെ മാനസികമായി തളർന്നും, വാർദ്ധക്യസഹജമായ രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടും, വൃദ്ധസദനങ്ങളിൽ എത്തപ്പെടുന്ന താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും, സാന്ത്വന പരിചരണത്തിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 2014-15 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിലുള്ള കൊട്ടവായൂർ സർക്കാർ വൃദ്ധമന്ദിരം ഉൾപ്പെടെ സാമൂഹ്യനീതി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ 14 ജില്ലകളിലെ 16 വൃദ്ധമന്ദിരങ്ങളിൽ വയോ അമൃതം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വയോ അമൃതം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>പാലക്കാട് ജില്ലയിൽ 2020-22 കാലയളവിൽ സ്നേഹയാനം പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;</td><td>(ബി)</td><td>2021-22 സാമ്പത്തിക വർഷം മുതലാണ് സ്നേഹയാനം പദ്ധതിയ്ക്കായി അപേക്ഷ ക്ഷണിച്ചത്. പാലക്കാട് ജില്ലയിൽ നിന്നും 2 ഗുണഭോക്താക്കളെ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. 2022-23 ലേക്ക് ഇ-ടെണ്ടർ നടപടി പൂർത്തിയാക്കി സഹായം ലഭ്യമാക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>പാലക്കാട് ജില്ലയിൽ പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം 2020-22 കാലയളവിൽ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?</td><td>(സി)</td><td>പാലക്കാട് ജില്ലയിൽ പരിരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2020-22 കാലയളവിൽ പരിപക്ഷ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>ആകെ തുക</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>2020-21</td><td>68,981/-രൂപ</td><td>5</td></tr>
<tr><td>2021-22</td><td>1,52,894/-രൂപ</td><td>9</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

വയോ അമൃതം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഓരോ വൃദ്ധ സദനത്തിലും ഒരു മെഡിക്കൽ ഓഫീസർ, ഒരു അറ്റൻഡർ എന്നിവരെ കോൺടാക്റ്റ് അടിസ്ഥാനത്തിൽ നിയമിച്ച് ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങൾ നൽകി വരുന്നു.

- വൃദ്ധ സദനങ്ങളിലെ താമസക്കാരെ പരിശോധിച്ച് അവരുടെ ആരോഗ്യ നിലവാരവും, രോഗാവസ്ഥയും കണ്ടെത്തി അതിനനുസരിച്ച് സേവനം നൽകുന്നു. രോഗാവസ്ഥകൾക്കനുസരിച്ച് മരുന്നും, ആവശ്യം വേണ്ടുന്ന ക്രിയാക്രമങ്ങളും നൽകി അവരുടെ സമഗ്രമായ ആരോഗ്യം സംരക്ഷിക്കുന്നു.

- രോഗാവസ്ഥകൾക്കനുസരിച്ചുള്ള കൗൺസിലിംഗ്, വ്യായാമങ്ങൾ, യോഗ എന്നിവ നൽകി അവരുടെ സമഗ്രമായ ആരോഗ്യം സംരക്ഷിക്കുന്നു.

- ആയുർവേദ ശാസ്ത്രത്തിലൂടെ സാന്ത്വന പരിചരണം നൽകി അവരെ സഹായിക്കുന്നു.

- ചികിത്സയ്ക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങി മെച്ചപ്പെട്ട ചികിത്സ അന്തേവാസികൾക്ക് നൽകുന്നു.

- ചികിത്സയെ സംബന്ധിച്ചും രോഗിയെ സംബന്ധിച്ചുള്ള പൂർണ്ണമായ രൂപരേഖയും റിപ്പോർട്ടും തയ്യാറാക്കി സൂക്ഷിക്കുന്നു.